ഉത്തരം

(എ & ബി) എൻ.സി.ഇ.ആർ.ടി. ഒരു കേന്ദ്ര ഗവൺമെന്റ് സ്ഥാപനമാണ്. വിശദാംശങ്ങൾ കേന്ദ്ര ഗവൺമെന്റിൽ നിന്ന് ശേഖരിക്കേണ്ടിയിരിക്കുകയാണ്.

ജനനത്തീയതി തിരുത്തി കിട്ടുന്നതിനുള്ള നിബന്ധനകൾ

55 (3696) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സർവീസിലുള്ള ഒരാളുടെ ജനനത്തീയതി രേഖപ്പെടുത്തിയതിലുണ്ടായ പിശക് തിരുത്തിക്കൊടുക്കുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കാമോ ;

(ബി) എൽ.പി, യു.പി, സ്കൂൾ അബ്സ്ട്രാക്റ്റുകളിൽ ഒരേ ജനന തീയതിയും എസ്.എസ്.എൽ.സി. ബുക്കിലും ഹൈസ്കൂൾ അബ്സ്ട്രാക്റ്റിലും തെറ്റായ നിലയിലും രേഖപ്പെടുത്തിയ ജനനത്തീയതി തിരുത്തിക്കിട്ടുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കാമോ ;

(സി) ഇതിനായി സമർപ്പിക്കുന്ന അപേക്ഷയിന്മേൽ എത്രനാൾക്കകം അവസാന തീരുമാനമെടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അപേക്ഷകൻ സ്കൂൾ വിട്ട തീയതി മുതൽ 15 വർഷത്തിനുള്ളിലോ അല്ലെങ്കിൽ എസ്.എസ്.എൽ.സി. പരീക്ഷ അവസാനമായി എഴുതിയ തീയതി മുതൽ 15 വർഷത്തിനുള്ളിലോ ജനനതീയതി തിരുത്തിക്കിട്ടുള്ളതിനുള്ള അപേക്ഷ പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാവുന്നതാണ്. ടി 15 വർഷത്തിനു ശേഷമാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ, അപേക്ഷയോടൊപ്പം കാലതാമസം മാപ്പാക്കിക്കൊടുത്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് കൂടി സമർപ്പിക്കേണ്ടതാണ്. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയോടൊപ്പം താഴെപ്പറയുന്ന പ്രമാണങ്ങൾകൂടി ഹാജരാക്കണം.

1. അപേക്ഷാ ഫീസടച്ച ചെലാൻ രസീത്.
2. അപേക്ഷകന്റെയും സഹോദരങ്ങളുടെയും ജനന സർട്ടിഫിക്കറ്റുകൾ.
3. നോട്ടറി/ജുഡീഷ്യൽ ഓഫീസർ മുഖാന്തിരമുള്ള സത്യവാങ്മൂലം
4. തഹസിൽദാർ/വില്ലേജാഫീസർ നൽകുന്ന തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
5. അപേക്ഷകന്റെയും സഹോദരങ്ങളുടെയും സ്കൂൾ സർട്ടിഫിക്കറ്റിന്റെയും അഡ്മിഷൻ രജിസ്റ്ററിന്റെയും പകർപ്പുകൾ.

LIBRARY ARCHIVES Kerala Legislative Assembly

6. അപേക്ഷകൻ പഠിച്ചിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ

അപേക്ഷകൻ അവസാനം പഠിച്ചിരുന്ന സ്കൂളിലെ ഹെഡ്മാസ്റ്റർ വഴിയാണ് അപേക്ഷ പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടത്. അപേക്ഷകൻ ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട ആളാണെങ്കിൽ ജനന സർട്ടിഫിക്കറ്റുകളുടെ അഭാവത്തിൽ മാമോദീസാ സർട്ടിഫിക്കറ്റുകൾ പരിഗണിക്കുന്നതാണ്.

(ബി) ഇത്തരത്തിലുള്ള തെറ്റു സംഭവിക്കുന്നതിനെ ക്ലറിക്കൽ എറർ എന്ന നിലയിലാണ് കണക്കാക്കുന്നത്. ഇതിന് താഴെപ്പറയുന്ന കാര്യങ്ങൾ സമർപ്പിക്കേണ്ടതാണ്.

1. ഒന്നാം ക്ലാസ്സിൽ ചേർക്കുന്നതിന് രക്ഷകർത്താക്കൾ നൽകിയ അപേക്ഷയുടെ പകർപ്പ്.
2. എൽ. പി., യു. പി., സ്കൂളുകളിലെ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്.
3. ഹൈസ്കൂളിലെ അഡ്മിഷൻ രജിസ്റ്ററിന്റെ എക്സ്ട്രാക്ട്.
4. ഒരു സ്കൂളിൽ നിന്നും മറ്റൊരു സ്കൂളിലേക്ക് നൽകിയ വിടുതൽ സർട്ടിഫിക്കറ്റിലാണ് തെറ്റു സംഭവിച്ചതെങ്കിൽ ടി സർട്ടിഫിക്കറ്റിന്റെ അസ്സൽ പകർപ്പ്.

(സി) ബന്ധപ്പെട്ട രേഖകൾ/പ്രമാണങ്ങൾ കൃത്യമായി ഹാജരാക്കുകയാണെങ്കിൽ ആയവയുടെ നിജസ്ഥിതി പരിശോധിച്ചതിനു ശേഷം 6 മാസത്തിനുള്ളിൽ അപേക്ഷയിൽ തീരുമാനമെടുക്കാൻ കഴിയുന്നതാണ്.

രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

56 (3697) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഇപ്പോൾ എത്ര ബ്രാഞ്ചുകൾ ഉണ്ടെന്നും അവിടെ എത്ര വിദ്യാർത്ഥികൾക്കാണ് പ്രവേശനാനുമതി നൽകിയിട്ടുള്ളത് എന്നും വ്യക്തമാക്കുമോ ;

(ബി) അവിടെ ആവശ്യമുള്ള ടീച്ചിംഗ്-നോൺ ടീച്ചിംഗ് സ്റ്റാഫ് ഇപ്പോൾ ഉണ്ടോ ;

(സി) ഇല്ലെങ്കിൽ ഏതെല്ലാം വിഭാഗങ്ങളിൽ ഏതെല്ലാം പോസ്റ്റുകളിലാണ് ഒഴിവുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഒഴിവുകളെല്ലാം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly